## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137**      **15.6.2012-ന് മറുപടിക്ക്**

### പ്ലാസ്റ്റിക് മാലിന്യ സംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>,, റ്റി.എൻ. പ്രതാപൻ<br>,, ഐ.സി. ബാലകൃഷ്ണൻ<br>,, എം.പി. വിൻസെന്റ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) പഞ്ചായത്തുകളിൽ പ്ലാസ്റ്റിക് മാലിന്യം സംസ്ക്കരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; | എ) പഞ്ചായത്തുകളിൽ പ്ലാസ്റ്റിക് മാലിന്യം ഷ്രെഡ് ചെയ്യാനുള്ള ഷ്രെഡിംഗ് മെഷീൻ സ്ഥാപിക്കാനുള്ള പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്ന ഗ്രാമ പഞ്ചായത്തുകൾക്കു മൂലധനചിലവിന്റെ 75% സാമ്പത്തിക സഹായം സംസ്ഥാന സർക്കാർ ശുചിത്വമിഷൻ വഴി നൽകിവരുന്നു. പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ സ്ഥാപിച്ച് പ്ലാസ്റ്റിക് കവറുകൾ ചെറിയ കഷണങ്ങളായി പൊടിച്ച് റീസൈക്ലിംഗ് യൂണിറ്റുകൾക്ക് കൈമാറാനുള്ള നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്. പൊടിച്ച പ്ലാസ്റ്റിക് മാലിന്യം റോഡ് ടാറിംഗിന് ഉപയോഗപ്പെടുത്താനുള്ള ശ്രമവും വാളയാറിലെ മലബാർ സിമന്റ് കമ്പനിയിൽ സിമെന്റ് ചൂളയിൽ കത്തിക്കുന്നതിന് ഉപയോഗപ്പെടുത്താനും ശ്രമങ്ങൾ നടന്നുവരുന്നു. പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് മെഷീനുകൾ സ്ഥാപിക്കാൻ തയ്യാറായി |

മുന്നോട്ട് വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ഈ സാമ്പത്തിക വർഷത്തിൽ 75% സാമ്പത്തികസഹായത്തോട് കൂടി പരമാവധി 6 ലക്ഷം രൂപ എന്ന നിലയിൽ സാമ്പത്തിക സഹായം നൽകാനുള്ള വാർഷിക പദ്ധതി നിലവിലുണ്ട്. പദ്ധതി തയ്യാറാക്കാനുള്ള സാങ്കേതിക സഹായവും, സാങ്കേതിക അനുമതികയും, സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി ലഭ്യമാക്കുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ ഇതിനായി എന്തെല്ലാം സഹായങ്ങളാണ് പഞ്ചായത്തുകൾക്ക് നൽകാനുദ്ദേശിക്കുന്നത് ; | ബി) | ഗ്രാമപഞ്ചായത്തുകളിൽ ഉറവിട മാലിന്യ സംസ്കരണത്തിനായി വീടുകളിൽ കംപോസ്റ്റിംഗ് സംവിധാനം, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് 75% സബ്സിഡി കഴിഞ്ഞ സാമ്പത്തിക വർഷം നൽകിയിരുന്നു. ഇതിൽ 50% സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ള സബ്സിഡിയും 25% തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ ഭാഗത്തു നുന്നുള്ള സബ്സിഡിയുമാണ് നൽകിവരുന്നത്. ഈ സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ ഭാഗത്ത് നിന്നുള്ള സബ്സിഡി കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് 75% ആയി ഉയർത്താനും തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിന്നുള്ള സബ്സിഡി 15% ഉം ഉപഭോക്തൃ വിഹിതം 10% മാത്രവും എന്നതോതിലും സബ്സിഡി നൽകാനുള്ള |

തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട് ഇത്തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സാമ്പത്തിക സഹായം നൽകാനായി 25 കോടി രൂപ വാർഷിക പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട് കൂടാതെ കേന്ദ്രപദ്ധതിയായ സമ്പൂർണ്ണ ശുചിത്വയജ്ഞത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായം ലഭ്യമാക്കിവരുന്നു. വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി ചന്തകൾ, അറവുശാലകൾ, ആശുപത്രികൾ, സ്കൂളുകൾ തുടങ്ങിയ സ്ഥലങ്ങളിൽ മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് സാമ്പത്തിക സഹായമായി മൂലധന ചെലവിന്റെ 75% വരെ വരുന്ന തുക സാമ്പത്തിക സഹായമായി ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കിവരുന്നു. കൂടാതെ സ്ഥലം ലഭ്യമായ ഗ്രാമപഞ്ചായത്തുകൾക്ക് കേന്ദ്രീകൃത മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഭാഗമായി വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ്, വെർമി കമ്പോസ്റ്റ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ സംവിധാനങ്ങൾക്ക് 75% സാമ്പത്തിക സഹായം ലഭ്യമാക്കിവരുന്നു.

| | |
|---|---|
| സി) ഇതു നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ? | സി) മാലിന്യം സംസ്കരിക്കുന്നതിന് വേണ്ടി പഞ്ചായത്തുകളിൽ വിൻഡ്രോ |

കമ്പോസ്റ്റ് യൂണിറ്റുകൾ, വെർമി
കമ്പോസ്റ്റ് പ്ലാന്റുകൾ, ബയോഗ്യാസ്
പ്ലാന്റുകൾ, പ്ലാസ്റ്റിക് ഷെഡ്ഡിംഗ് യൂണിറ്റു
കൾ ഇവ സ്ഥാപിക്കുന്നതിന്
ഗവൺമെന്റ് തലത്തിൽ സഹായധനം
നൽകാൻ തീരുമാനമായിട്ടുണ്ട്. ഈ
വക പ്ലാന്റുകൾ നിർമ്മിക്കുന്നതിന് ആവ
ശ്യമായ മുഴുവൻ തുകയും ശുചിത്വമി
ഷൻ വഴി ഗ്രാന്റായിട്ട് നൽകാനും തീരു
മാനിച്ചിട്ടുണ്ട്. ഉറവിടമാലിന്യ സംസ്കര
ണത്തിനുള്ള യൂണിറ്റുകൾ സ്ഥാപിക്കു
ന്നതിന് വീടുകൾക്ക് സർക്കാർ വക 50%
സബ്സിഡിയും പഞ്ചായത്ത് വക 25%
സബ്സിഡിയും നൽകുന്നു ഇതിനായി
വിവിധ രീതികൾ അംഗീകരിച്ചിട്ടുണ്ട്.
പൈപ്പ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ്,
റിംഗ് കമ്പോസ്റ്റ്, ബക്കറ്റ് കമ്പോസ്റ്റ്,
പോർട്ടബിൾ ബയോഗ്യാസ് യൂണിറ്റ്സ്
ഇവയാണ് അതിൽ പ്രധാനപ്പെട്ടവ. 2012
–13–ൽ കമ്പോസ്റ്റ് സംവിധാനങ്ങൾക്കു
ള്ള സബ്സിഡി 90 ശതമാനമായി
ഉയർത്തിയിട്ടുണ്ട്. (75% സർക്കാർ, 15%
പഞ്ചായത്തുകൾ, 10% ഉപഭോക്താവ്)

സെക്ഷൻ ഓഫീസർ